I ഇ.ബി. XIV - കേരള നിയമസഭ /XIII-2

## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 നവംബർ 28, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ശബരിമലയിലെ നിരോധനാജ്ഞയും നിയന്ത്രണവും പിൻവലിക്കണമെന്ന ആവശ്യത്തിന്മേലുള്ള പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.57-ന് നിർത്തിവച്ച സഭ 11.00 മണിക്ക് പുനരാരംഭിച്ചു.)

I **അറിയിപ്പ്**

സഭാ നടപടികളോടുള്ള സഹകരണം

മി. സ്പീക്കർ: കേരളം നേരിട്ട പ്രളയം സംബന്ധിച്ച് സഭയുടെ മുമ്പാകെ വന്ന നാല് ചോദ്യങ്ങൾ ക്ലബ്ബ് ചെയ്ത് ഒരുമിച്ച് മറുപടി നൽകണമെന്ന ഭരണ-

പ്രതിപക്ഷാംഗങ്ങളുടെ ആവശ്യപ്രകാരം അതിനനുകൂലമായ നിലപാടാണ് ചെയർ സ്വീകരിച്ചത്. എന്നാൽ അങ്ങനെ ആവശ്യപ്പെട്ടവർപോലും നിഷേധാത്മക രീതിയിൽ പ്രതികരിക്കുന്നു എന്നത് അംഗീകരിക്കാൻ സാധിക്കുകയില്ല. ചില അംഗങ്ങൾ നിരന്തരമായി ചെയറിന്റെ പ്രവർത്തിയേയും കാഴ്ചയേയും തടസ്സപ്പെടുത്തുന്നത് ഒരു കാരണവശാലും അനുവദിക്കില്ലെന്ന് സഭയെ ഓർമ്മിപ്പിക്കുന്നു. പ്രതിപക്ഷനേതാവിന്റെയും പ്രതിപക്ഷാംഗങ്ങളുടെയും അവകാശങ്ങൾക്കും ജനാധിപത്യപരമായ പ്രകടനങ്ങൾക്കും ചെയറിന്റെ ഭാഗത്തുനിന്നും ഒരു തടസ്സവും ഉണ്ടായിട്ടില്ല. താല്പര്യമുള്ളപ്പോൾ മാത്രം സഭാ നടപടികളോട് സഹകരിക്കുന്ന രീതി ഒരു കാരണവശാലും അനുവദിക്കാൻ കഴിയുകയില്ല എന്ന് ശക്തമായി ചെയർ മുന്നറിയിപ്പ് നൽകുന്നു. ഇത്തരം നടപടികൾ മേലിൽ ഉണ്ടാകരുത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെടാൻ കൈയുയർത്തിയെങ്കിലും അതിന് അനുവദിക്കാതെ അങ്ങ് മുഖ്യമന്ത്രിയെ വിളിച്ചതും മറുപടി പറയാൻ അദ്ദേഹം 45 മിനിട്ട് സമയമെടുത്തതുമാണ് പ്രതിപക്ഷാംഗങ്ങളെ പ്രകോപനമുണ്ടാക്കാൻ പ്രേരിപ്പിച്ചത്. അല്ലാതെ ചെയറിനോട് അനാദരവ് കാണിച്ചതല്ല.

## II അടിയന്തരപ്രമേയം

ശബരിമലയിലെ അനാവശ്യ നിയന്ത്രണങ്ങൾ

മി. സ്പീക്കർ: അനാവശ്യമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ചതുമൂലം ശബരിമലയിൽ ഉണ്ടായിട്ടുള്ള സമരകോലാഹലങ്ങളും ഭീകരാന്തരീക്ഷവും അതിക്രമങ്ങളും കാരണം തീർത്ഥാടകർ അവിടെ പോകാൻ ഭയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, സി. എഫ്. തോമസ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

## III ക്രമപ്രശ്നം

അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി

ശ്രീ. എസ്. ശർമ്മ: കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 52(7) പ്രകാരം ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാനും ലോക്സഭാ നടപടിക്രമവും കീഴ്വഴക്കവും അനുസരിച്ച് സുപ്രീംകോടതി വിധി ചർച്ച ചെയ്യണമെന്ന ആവശ്യം അടിയന്തര പ്രമേയത്തിൽ ഉൾപ്പെടുത്താനും പാടുള്ളതല്ല. ശ്രദ്ധക്ഷണിക്കൽ ചോദ്യങ്ങൾ, അടിയന്തര ചോദ്യങ്ങൾ മുതലായ അരമണിക്കൂർ ചർച്ചയിൽ ഉൾപ്പെട്ടിട്ടുള്ള

വിഷയങ്ങൾ അടിയന്തരപ്രമേയമായി അനുവദിക്കുന്നതല്ലെന്ന് നിയമസഭാ റൂളിംഗുകളിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് സഭയിൽ ഉത്തരം നൽകാൻ നോട്ടീസ് നൽകിയിട്ടുള്ള 30 ചോദ്യങ്ങളിൽ 8 എണ്ണവും ശബരിമലയുമായി ബന്ധപ്പെട്ടുള്ളതാണ്. ഭരണഘടനാ വ്യവസ്ഥയുടെ വ്യാഖ്യാനം ആവശ്യമായി വരുന്ന പക്ഷം അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കാവുന്നതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച റിവ്യൂ ഹർജികൾ ജനുവരി 22-ന് സുപ്രീംകോടതി പരിഗണിക്കാനിരിക്കെ ഇവിടെ ചർച്ച ചെയ്യുന്നത് സബ്ജ്യൂഡീസ് ആയിരിക്കും. ഇക്കാരണങ്ങളാൽ ഈ വിഷയം ചർച്ച ചെയ്യുന്നതിന് അനുവാദം കൊടുക്കാൻ പാടില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> സാങ്കേതികമായ കാര്യങ്ങൾ മാത്രം പരിഗണിക്കുന്ന സമീപനം സഭാനടപടികളിൽ സ്വീകരിക്കുന്നത് പ്രായോഗികമല്ല. രാജ്യത്തിന്റെയാകെ ശ്രദ്ധയിൽ വന്ന ഒരു വിഷയം സഭയിൽ വരുന്നത് ഉചിതമല്ലെന്ന നിലപാട് സ്വീകരിക്കാൻ നിർവ്വാഹമില്ല. സഭയ്ക്ക് 'എക്സ്പ്രഷൻ ഓഫ് ഫീൽ' എന്ന ദൗത്യം കൂടിയുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി സംബന്ധിച്ച കാര്യങ്ങൾ പ്രത്യക്ഷമായി അടിയന്തരപ്രമേയ നോട്ടീസിൽ

ഉന്നയിച്ചിട്ടില്ല. ശ്രദ്ധ ക്ഷണിക്കൽ, ചോദ്യങ്ങൾ, സബ്മിഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അടിയന്തരപ്രമേയമായി അനുവദിച്ച സന്ദർഭങ്ങൾ മുമ്പും സഭയിലുണ്ടായിട്ടുണ്ട്. സഭയിൽ ഭരണഘടനാ വ്യാഖ്യാനവുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്ന പതിവില്ല. ഇതിൽ ക്രമരഹിതമായോ കീഴ്‌വഴക്കത്തിന്റെ ലംഘനമായോ എന്തെങ്കിലുമുള്ളതായി ചെയർ കാണുന്നില്ല.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് പുറപ്പെടുവിച്ച വിധി നടപ്പിലാക്കുന്ന ഉത്തരവാദിത്വമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ വിധി അംഗീകരിക്കില്ലെന്ന നിലപാട് സ്വീകരിച്ച് ഭക്തരുടെ പേരുപറഞ്ഞ്, രാഷ്ട്രീയലക്ഷ്യം വച്ച് പ്രക്ഷോഭവുമായി യു.ഡി.എഫ്-ഉം സംഘപരിവാറും മുന്നോട്ടുപോകുകയാണ്. ഭക്തജനങ്ങൾക്ക് ശബരിമല സന്ദർശിക്കുന്നതിന് തടസ്സങ്ങളുണ്ടാകാൻ പാടില്ലെന്നിരിക്കെ ബോധപൂർവ്വം കുഴപ്പങ്ങൾ സൃഷ്ടിച്ച് അവിടെ ശാന്തിയും സമാധാനവും നഷ്ടപ്പെടുത്തുകയാണ്. കുഴപ്പമുണ്ടാക്കുന്നവരെ മാറ്റിനിർത്തി ഭക്തജനങ്ങൾക്ക് സുരക്ഷയൊരുക്കുന്ന നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. പ്രളയത്തെത്തുടർന്ന് വൻതോതിൽ നാശനഷ്ടമുണ്ടായിട്ടുള്ള

പമ്പ-ശബരിമല റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനും ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി ശബരിമലയെ പുനർനിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഭരണഘടനയുടെ മൗലികാവകാശങ്ങളിൽ ഉറപ്പുനൽകുന്ന ആരാധനാ സ്വാതന്ത്ര്യം ശബരിമലയുടെ കാര്യത്തിൽ പ്രാവർത്തികമാകുന്നില്ലെന്ന സുപ്രീംകോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ രീതി റദ്ദ് ചെയ്തുകൊണ്ട് 10-നും 50-നുമിടയിൽ പ്രായമുള്ള സ്ത്രീകൾക്ക് അവിടെ പ്രവേശിക്കാൻ അനുമതി നൽകിയത്. പ്രളയാനന്തര ശബരിമലയുടെ പ്രത്യേക അന്തരീക്ഷം കണക്കിലെടുത്ത് സ്ത്രീകൾക്കായി പ്രത്യേക ക്യൂ ഒരുക്കുകയെന്നത് അപ്രായോഗികമായ കാര്യമായതിനാൽ അവിടെയെത്തുന്ന സ്ത്രീകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സംരക്ഷണം നൽകുന്നതിനുമായി ദേവസ്വം ബോർഡ് അംഗങ്ങളുമായി ചർച്ച നടത്തി നടപടി സ്വീകരിച്ചുവെന്നല്ലാതെ യാതൊരു അനാവശ്യ ധൃതിയും സർക്കാർ കാണിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ശബരിമല തന്ത്രിയും പന്തളം രാജകൊട്ടാര പ്രതിനിധികളുമായും ചർച്ച നടത്താൻ സർക്കാർ തയ്യാറായെങ്കിലും അവർ ചർച്ചയിൽ പങ്കെടുക്കാൻ വിസമ്മതിക്കുകയാണുണ്ടായത്. തുലാമാസത്തിൽ ചിത്തിര ആട്ടവിശേഷത്തിനായി ശബരിമല നടതുറന്ന സന്ദർഭത്തിൽ ഭക്തരെന്ന വ്യാജേന അവിടെയെത്തിയ ചിലർ

പന്തൽ കെട്ടി പ്രതിഷേധിക്കുകയും വാഹനങ്ങൾ പരിശോധിക്കുകയും ഭക്തരെയും മാധ്യമപ്രവർത്തകരെയുമടക്കം ആക്രമിക്കുകയും ചെയ്ത സാഹചര്യത്തിലാണ് സർക്കാർ ഇടപെട്ട് അടിയന്തര നടപടി സ്വീകരിച്ചത്. ക്രമസമാധാന നില ഉറപ്പുവരുത്തുന്നതിനായി നിരോധനാജ്ഞ അടക്കമുള്ള നടപടികൾ സ്വീകരിക്കാനും നവമാധ്യമങ്ങളിലെ പ്രചരണങ്ങൾ നിയന്ത്രിക്കാനും സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആചാരലംഘനവും ഭക്തരെ തടയലും ഒരു കാരണവശാലും അനുവദനീയമല്ല. ചിത്തിര ആട്ടവിശേഷ സമയത്തെ അക്രമ പദ്ധതികൾ മണ്ഡല മകരവിളക്കുകാലത്ത് ആവർത്തിക്കാതിരിക്കാൻ പോലീസ് ശ്രമം നടത്തിയതിന്റെ ഫലമായി ഭക്തർക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാകാതെ ദർശനം നടത്താൻ സാധിച്ചിട്ടുണ്ട്. ശബരിമലയിൽ അക്രമങ്ങൾ തടയുന്നതിന് പോലീസിന് നടപടി സ്വീകരിക്കാമെന്ന ഹൈക്കോടതി വിധി സുപ്രീംകോടതിയും അംഗീകരിച്ചിരിക്കുകയാണ്. സുപ്രീംകോടതി വിധി പാലിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ജില്ലാ പോലീസ് മേധാവിയുടെയും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബരിമലയിൽ അക്രമസംഭവങ്ങൾ നടക്കാൻ സാധ്യതയുള്ളതിനാൽ പത്തനംതിട്ട

ജില്ലാകളക്ടർ പുറപ്പെടുവിച്ച നിരോധനാജ്ഞ 30-11-2018 അർദ്ധരാത്രി വരെ ദീർഘിപ്പിക്കുന്നതിനുള്ള മിനിസ്റ്റീരിയൽ അധികാരത്തോടെയുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സുപ്രീംകോടതി വിധി അംഗീകരിക്കാത്തവരാണ് ഭക്തരുടെ പേരിൽ കലാപമുണ്ടാക്കാൻ ശ്രമിക്കുന്നത്. സംഘർഷങ്ങൾ സൃഷ്ടിച്ചും കാണിക്ക നൽകരുതെന്ന് പ്രചരണം നടത്തിയുമാണ് ശബരിമലയെ തകർക്കാൻ ശ്രമിക്കുന്നത്. ഭക്തർക്ക് സമാധാനപരമായി ദർശനം നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക മാത്രമാണ് പോലീസ് ചെയ്തിട്ടുള്ളത്. അക്രമഭീഷണി നിലനിൽക്കുന്നതിനാൽ ശബരിമലയിലെ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ട സാഹചര്യം നിലവിലില്ല.

ശ്രീ. വി. എസ്. ശിവകുമാർ: അടിസ്ഥാന സൗകര്യമില്ലായ്മയും പോലീസ് ഏർപ്പെടുത്തിയ അമിത നിയന്ത്രണങ്ങൾമൂലവും ശബരിമല ദർശനം സുഗമമായി നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ശബരിമലയിൽ സർക്കാർ സ്വീകരിച്ച നടപടികളോട് കടുത്ത വിയോജിപ്പാണ് ഹൈക്കോടതിയുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. നാമജപം നടത്തുന്ന ഭക്തജനങ്ങളെ അറസ്റ്റ് ചെയ്യുന്ന സമീപനമാണ് പോലീസ് സ്വീകരിക്കുന്നത്. ഭക്തർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നത് നിരീക്ഷിക്കുന്നതിന് കോടതി മൂന്നംഗ നിരീക്ഷണ സമിതിയെ നിയോഗിച്ചത് സർക്കാരിന്റെ കഴിവുകേടിനെയാണ് സൂചിപ്പിക്കുന്നത്.

മുൻ യു.ഡി.എഫ്. സർക്കാർ ശബരിമല വികസനത്തിനായി 530 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് ഈ സർക്കാർ ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല. വിവിധ സംഘടനകളുമായും മതാചാര്യന്മാരുമായും ആലോചിച്ച് ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിച്ചുകൊണ്ട് വിശ്വാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കണമെന്ന സത്യവാങ്മൂലമാണ് മുൻ യു.ഡി.എഫ്. സർക്കാരും ദേവസ്വം ബോർഡും സുപ്രീംകോടതിയിൽ സമർപ്പിച്ചത്. എന്നാൽ അതിന് കടകവിരുദ്ധമായി ശബരിമലയിൽ യുവതികളെയും പ്രവേശിപ്പിക്കാമെന്ന സത്യവാങ്മൂലമാണ് ഈ സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ചത്. ആക്ടിവിസ്റ്റുകളെ പോലീസ് സഹായത്തോടെ ശബരിമലയിൽ പ്രവേശിപ്പിക്കാൻ ശ്രമിക്കുന്നത് പ്രതിഷേധാർഹമാണ്. ആചാരലംഘനങ്ങളാണ് നിലവിൽ ശബരിമലയിൽ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ഏറ്റവും പരിപാവന ക്ഷേത്രമായ ശബരിമലയെ തകർക്കാനും കലാപഭൂമിയാക്കി മാറ്റാനും അവിശ്വാസികളുടെ നിലപാടുകൾ വിശ്വാസികളുടെമേൽ അടിച്ചേൽപ്പിക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. യുദ്ധകാലാടിസ്ഥാനത്തിൽ പമ്പയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുമെന്ന പ്രഖ്യാപനം പാലിക്കപ്പെട്ടിട്ടില്ല.

മതേതരത്വത്തിന്റെ പ്രതീകമായ ശബരിമലയിൽ ഭക്തജനങ്ങളെ തടയുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. സുപ്രീംകോടതി വിധിയുടെ മറവിൽ ആചാര ലംഘനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ശബരിമലയിൽ ഏർപ്പെടുത്തിയിട്ടുള്ള നിരോധനാജ്ഞ പിൻവലിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. രാജു എബ്രഹാം: മണ്ഡലകാല പൂജയ്ക്ക് ശബരിമല നട തുറക്കുന്നത് മുതൽ അടയ്ക്കുന്നതുവരെ പത്തനംതിട്ട ജില്ലയിൽ ഒരു രാഷ്ട്രീയ പാർട്ടിയും ഹർത്താലോ ബന്ദോ ഉപരോധമോ നടത്താറില്ല. അതിന് വിരുദ്ധമായിട്ടാണ് കാര്യങ്ങൾ നടക്കുന്നത്. പമ്പയിൽ ഒരു നിർമ്മാണപ്രവർത്തനവും നടത്താൻ പാടില്ലെന്ന് ഹൈക്കോടതിയും കേന്ദ്ര ഗവൺമെന്റിന്റെ എംപവേർഡ് കമ്മിറ്റിയും വ്യക്തമാക്കിയിട്ടുണ്ട്. ശബരിമലയെ സമരകേന്ദ്രമാക്കുന്നതിൽനിന്നും കോൺഗ്രസ്സും ബി.ജെ.പി.-യും പിൻമാറണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ശബരിമലയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഹൈക്കോടതിക്ക് യുക്തമെന്നുതോന്നിയിട്ടുള്ള ഇടപെടലുകൾ മുമ്പും നടത്തിയിട്ടുണ്ട്. ശബരിമലയിൽ നാമജപം നടത്തുന്നതിന് സർക്കാർ തടസ്സം

സൃഷ്ടിച്ചിട്ടില്ല. നാമം ജപിക്കുന്നുവെന്ന കാരണത്താൽ അക്രമികളെ അറസ്റ്റ് ചെയ്യാതിരിക്കാൻ സാധിക്കില്ല. ഇത്തരം കാര്യങ്ങളിൽ സംഘപരിവാർ നടത്തുന്ന നുണപ്രചരണങ്ങളെ ചെറുത്തുതോൽപ്പിക്കണം. അവിടെ ഭക്തർക്ക് വിരിവയ്ക്കാനുള്ള സൗകര്യം പോലീസുകാർ ഒരുക്കിക്കൊടുക്കുന്നുണ്ട്. ശബരിമലയിൽ ആവശ്യമായ ശൗചാലയങ്ങൾ നിർമ്മിക്കുകയും വെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയദുരന്തത്തിൽ ശബരിമലയിൽ 2017 വരെയുണ്ടായിരുന്ന പല സൗകര്യങ്ങളും നഷ്ടപ്പെടുകയുണ്ടായി. 25 കോടിയോളം രൂപ ചെലവഴിച്ചാണ് ഇപ്പോഴുള്ള സൗകര്യങ്ങളിൽ പലതും ഏർപ്പെടുത്തിയിരിക്കുന്നത്. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി അവിടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് സർക്കാരും ദേവസ്വം ബോർഡും ഉദ്ദേശിക്കുന്നത്. ശബരിമലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഇടപെടൽ കാലാകാലങ്ങളായി സർക്കാർ നടത്തിവരുന്നുണ്ട്. 2016-17-ൽ ശബരിമലയുടെ വികസനത്തിനായി 131 കോടിയോളം രൂപ ചെലവഴിച്ച സ്ഥാനത്ത് 2017-18-ൽ 202 കോടി രൂപയാണ് ചെലവിട്ടത്. സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട വിഷയത്തിൽ 2006-ലാണ് സംഘപരിവാറുമായി ബന്ധമുള്ള ചിലർ സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുന്നത്. അന്ന് സ്ത്രീകൾ ശബരിമലയിൽ പ്രവേശിക്കുന്നതിന് അനുകൂലമായ നിലപാടാണ് ആർ.എസ്.എസ്.-നും

സംഘപരിവാറിനും ബി.ജെ.പി.-ക്കും ഉണ്ടായിരുന്നത്. ആരാധനയുടെ കാര്യത്തിൽ പുരുഷനോടൊപ്പം സ്ത്രീക്കും തുല്യ അവകാശം വേണമെന്നും പ്രസ്തുത വിഷയത്തിൽ ഹിന്ദു ധർമ്മശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യമുള്ള പണ്ഡിതന്മാരടങ്ങുന്ന ഒരു കമ്മീഷനിൽ നിന്നും സുപ്രീംകോടതി അഭിപ്രായം തേടണമെന്നതുമാണ് സംസ്ഥാന സർക്കാരിന്റെ നിലപാടെന്നും 2007-ൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സുപ്രീംകോടതി വിധി നടപ്പാക്കണമെന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്. ശബരിമലയിൽ യുവതികളെ പ്രവേശിപ്പിക്കണമെന്ന നിർബന്ധബുദ്ധി സർക്കാരിനില്ല. അവിടെ പോകാൻ തയ്യാറാകുന്നവർക്ക് സുരക്ഷ ഒരുക്കുക മാത്രമേ സർക്കാർ ചെയ്തിട്ടുള്ളൂ. സ്വതന്ത്രമായ തീരുമാനമെടുക്കുന്നതിന് അവകാശമുള്ളതുകൊണ്ടാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് സാവകാശ ഹർജി നൽകിയത്. മതേതര ആരാധനാലയമെന്ന പ്രത്യേകത നിലനിർത്തി ശബരിമലയെ ശക്തിപ്പെടുത്തുന്നതിനും വിശ്വാസികൾക്കൊപ്പം നിൽക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. ശബരിമലയിലെ നടവരുമാനം തടഞ്ഞ് ദേവസ്വം ബോർഡിനെ തകർക്കാനുള്ള ഗൂഢശക്തികളുടെ ശ്രമം നടക്കില്ല. പ്രതിസന്ധിഘട്ടമുണ്ടായാൽ ക്ഷേത്രങ്ങളെയും ജീവനക്കാരെയും സംരക്ഷിക്കുന്നതിന് സർക്കാർ തയ്യാറാകും. വാവർസ്വാമി നടയിൽ ദർശനം

അനുവദിക്കുന്നില്ലെന്ന പ്രചരണം തെറ്റാണ്. നെയ്യഭിഷേകത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ദേവസ്വം ബോർഡ് ഒരുക്കിയിട്ടുണ്ട്. ശബരിമല വിഷയത്തിൽ സംഘപരിവാറിനൊപ്പം നിൽക്കുന്ന നിലപാട് ഉപേക്ഷിക്കുന്നതിനും നവോത്ഥാനപാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിനും കോൺഗ്രസ് തയ്യാറാകണം. ശബരിമലയിൽ അക്രമികളെ നിലയ്ക്കുനിർത്തുന്നതിനും വിശ്വാസികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വസ്തുതകൾക്ക് വിരുദ്ധമായും ഭക്തരുടെ വികാരം മനസ്സിലാക്കാതെയുമാണ് ശബരിമല വിഷയത്തിൽ മുഖ്യമന്ത്രി പ്രതികരിക്കുന്നത്. ആചാരാനുഷ്ഠാനങ്ങളുടെ അടിസ്ഥാനത്തിൽ യുവതീപ്രവേശനം വേണ്ടെന്ന നിലപാടായിരുന്നു യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ടിരുന്നത്. എന്നാൽ അതിനെതിരായ നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചത്. ഹിന്ദുമത ശാസ്ത്രത്തിൽ വിശ്വാസമുള്ള ആളുകളടങ്ങിയ ഒരു കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വേണം ശബരിമല പ്രശ്നത്തിൽ സുപ്രീംകോടതി തീരുമാനമെടുക്കേണ്ടിയിരുന്നത്. കോടതി സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ഹിന്ദുമത ശാസ്ത്രത്തിൽ

പാണ്ഡിത്യമുള്ളവരുടെ അഭിപ്രായം തേടണമെന്ന് പറഞ്ഞിരുന്നെങ്കിൽ ഇപ്രകാരമൊരു വിധി പുറപ്പെടുവിക്കുമായിരുന്നില്ല. പെറ്റീഷണറും ഗവൺമെന്റും ഒരേ നിലപാടാണ് ഈ വിഷയത്തിൽ സ്വീകരിച്ചിരിക്കുന്നത്. ശാന്തിയുടെയും സമാധാനത്തിന്റെയും മതേതരത്വത്തിന്റെയും പുണ്യഭൂമിയായ ശബരിമലയെ കലാപ ഭൂമിയാക്കി മാറ്റുകയും അവിടെ ഭയത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും സംസ്ഥാന ഗവൺമെന്റിനും ബി.ജെ.പി.ക്കും ഒഴിഞ്ഞു മാറാനാകില്ല. സുപ്രീംകോടതി വിധിയുടെ പകർപ്പ് ലഭിക്കുന്നതിനുമുമ്പുതന്നെ യുവതീ പ്രവേശനത്തിൽ ഗവൺമെന്റ് ദ്രുതഗതിയിൽ നടപടി സ്വീകരിച്ചത് പ്രശ്നങ്ങൾ കൂടുതൽ വഷളാക്കി. റിവ്യൂ ഹർജി ഓപ്പൺ കോർട്ടിൽ പരിഗണിക്കാമെന്നുള്ള സുപ്രീംകോടതിയുടെ തീരുമാനം സ്വാഗതാർഹമാണ്. വിധി വന്നപ്പോൾത്തന്നെ സർവ്വകക്ഷി യോഗം വിളിച്ച് അഭിപ്രായങ്ങൾ ആരായാതിരുന്നത് സർക്കാരിന്റെ ഗൂഢോദ്ദേശ്യമാണ് വ്യക്തമാക്കുന്നത്. വിധിക്കെതിരെ പുനഃപരിശോധനാ ഹർജിയും വിധി നടപ്പാക്കുന്നതിന് സാവകാശ ഹർജിയും നൽകുന്നതിന് ദേവസ്വം ബോർഡ് പ്രസിഡന്റിനെ അനുവദിക്കാതിരുന്നത് ഗവൺമെന്റിന്റെ ഇരട്ടത്താപ്പ് നയമാണ്. ഭക്തജനങ്ങളെ കബളിപ്പിച്ച് ബി.ജെ.പി.-യെ വളർത്താനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന നിലപാടെടുക്കേണ്ടതിനുപകരം തികച്ചും

ഏകപക്ഷീയമായ തീരുമാനങ്ങളെടുക്കുകയും നവോത്ഥാനത്തിന്റെ പേരുപറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുമാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്. ശബരിമലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ഭരണഘടനാ ബഞ്ച് പുറപ്പെടുവിച്ച വിധി മറികടക്കാൻ ഭരണഘടനാ ഭേദഗതി ആവശ്യമാണ്. ശബരിമലയിൽ വരുന്ന ഭക്തരെയും മാധ്യമപ്രവർത്തകരെയും ഭീഷണിപ്പെടുത്തുന്ന നടപടി സർക്കാർ ഉപേക്ഷിക്കണം. ശബരിമലയെ ആർ.എസ്.എസ്.-ന് തീറെഴുതിക്കൊടുക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സുപ്രീം കോടതിയിൽ പുന:പരിശോധനാ ഹർജി നൽകിയിട്ടുള്ള സാഹചര്യത്തിൽ ശബരിമലയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കണം. ശബരിമലയിൽ ഏർപ്പെടുത്തിയിട്ടുള്ള കർശന നിയന്ത്രണങ്ങൾ അവസാനിപ്പിച്ച് ക്ഷേത്രത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കാനും സമാധാനം പുനഃസ്ഥാപിക്കാനും കഴിയണം. ശബരിമലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്ന ബി.ജെ.പി./സംഘപരിവാർ ശക്തികളെ മഹത്വവൽക്കരിക്കാനുള്ള സർക്കാർ ശ്രമം അവസാനിപ്പിക്കണം. ശബരിമലയിലെ നിരോധനാജ്ഞ പിൻവലിക്കില്ലെന്ന സർക്കാർ നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: ശബരിമലയുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് ഫയൽ ചെയ്തത് സംഘപരിവാറാണെന്നുള്ള മുഖ്യമന്ത്രിയുടെ പരാമർശം വസ്തുതാവിരുദ്ധമാണ്. കോൺഗ്രസ്/കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഭരണം കണ്ടുമടുത്ത സാധാരണക്കാരായ ആളുകൾ സ്വമേധയ ബി.ജെ.പി.-യിലേയ്ക്ക് വരുന്നു എന്നുള്ളതാണ് വാസ്തവം.

(ശബരിമലയിൽ ഏർപ്പെടുത്തിയ നിരോധനാജ്ഞ പിൻവലിക്കില്ലെന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

## IV ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ എ. എം. ആരിഫ്, ഇ. കെ. വിജയൻ, സണ്ണി ജോസഫ് എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

(ശ്രദ്ധക്ഷണിക്കൽ, സബ്മിഷനുകൾ എന്നിവ റദ്ദ് ചെയ്യുകയും അവയ്ക്കുള്ള മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.)

## V **മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ്-I പ്രകാരവും ലിസ്റ്റ്-2 പ്രകാരം (ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI **റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII **റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII **നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

(2) 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(3) <u>2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 1.48-ന് പിരിഞ്ഞു.

********